**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 127** **23-08-2022 - ൽ മറുപടിയ്ക്ക്**

**കൂത്താട്ടുകുളം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1146/21, യു.എസ്. 427, 436 ഐ.പി.സി. കേസിന്റെ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1146/21, യു.എസ്. 427, 436 ഐ.പി.സി. ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ അന്വേഷണ പുരോഗതി വെളിപ്പെടുത്താമോ; | (എ) | കൂത്താട്ടുകുളം വില്ലേജ് കിഴകൊമ്പ് ഓലിപ്പാട് ഭാഗത്ത് പ്രവർത്തിക്കുന്ന പലചരക്ക് സാധനങ്ങൾ വിൽക്കുന്ന പെട്ടിക്കട 29.09.2021 തീയതിയിൽ തീ വെച്ച് നശിപ്പിച്ചതുമായി ബന്ധപ്പെട്ട് കടയുടെ ഉടമ നൽകിയ പരാതിയിലാണ് കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1146/2021 U/s 427, 436 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സയന്റിഫിക് ഓഫീസർ, ഫിംഗർ പ്രിന്റ് എക്സ്പെർട്ട് എന്നിവർ കേസിനാസ്പദമായ കൃത്യസ്ഥലം വിശദമായി പരിശോധിച്ചിട്ടുള്ളതും, സയന്റിഫിക് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ കൃത്യസ്ഥല മഹസ്സർ തയ്യാറാക്കിയിട്ടുള്ളതുമാണ്. കൃത്യസ്ഥലത്തു നിന്നും ശേഖരിച്ചിട്ടുള്ള സാമ്പിളുകൾ ബഹു.കോടതി മുഖാന്തിരം ഫോറൻസിക് സയൻസ് ലാബിലേക്ക് ശാസ്ത്രീയ പരിശോധനയ്ക്കായി അയച്ചു കൊടുത്തിട്ടുള്ളതാണ്. കേസുമായി ബന്ധപ്പെട്ട് സമീപവാസികളെയും മറ്റും ചോദ്യം ചെയ്ത് മൊഴികൾ രേഖപ്പെടുത്തുകയും സമീപ സ്ഥലങ്ങളിലെ സി.സി.ടി.വി ക്യാമറ ദൃശ്യങ്ങൾ പരിശോധിക്കുകയും, അതോടൊപ്പം, മുൻപ് ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ള പ്രതികളുടെ വിവരങ്ങൾ ശേഖരിച്ച് കൃത്യ ദിവസം അവരുടെ പ്രവർത്തനങ്ങളെ കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനായി ഇവരുടെ കൃത്യസമയത്തെ ടവർ ലൊക്കേഷൻ ലഭ്യമാക്കുന്നതിന് സൈബർ സെൽ മുഖാന്തിരം നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രതികളെ കണ്ടെത്തുന്നതിനായി പോലീസ് ഊർജിതവും ശാസ്ത്രീയവുമായ അന്വേഷണം നടത്തി വരുന്നു. |
| (ബി) | ഈ കേസുമായി ബന്ധപ്പെട്ട് പോലീസ് അന്വേഷണത്തിൽ നാളിതുവരെ കണ്ടെത്തിയ വിവരങ്ങൾ വ്യക്തമാക്കാമോ; | (ബി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കേസിന്റെ കാര്യത്തിൽ സി.ആർ.പി.സി.യിലെ വകുപ്പുകൾ പ്രകാരമുള്ള ചുമതലകൾ പാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്താൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (സി) | കേസിൽ സി.ആർ.പി.സി.യിലെ വകുപ്പുകൾ പാലിച്ചുകൊണ്ടാണ് പോലീസ് അന്വേഷണം നടത്തി വരുന്നത്. |
| (ഡി) | പ്രസ്തുത സ്റ്റേഷനിൽ നിലവിലുള്ള സേനാബലവും സജ്ജീകരണങ്ങളും പ്രതികളെ കണ്ടെത്തുന്നതിനായി വേണ്ടത്ര പര്യാപ്തമല്ലെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ വൈകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ; | (ഡി) | ഇല്ല. പ്രതികളെ കണ്ടെത്തുന്നതിന് ഊർജ്ജിതവും ശാസ്ത്രീയവുമായ അന്വേഷണം നടത്തി വരുന്നു. |
| (ഇ) | ഇതുമായി ബന്ധപ്പെട്ട് ഫോറൻസിക് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഇ) | പ്രസ്തുത കേസിലേക്ക് കൃത്യസ്ഥലത്തു നിന്നും ശേഖരിച്ചിട്ടുളള സാമ്പിളുകൾ ശാസ്ത്രീയ പരിശോധനയ്ക്കായി ഫോറൻസിക് സയൻസ് ലാബിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ആയതിന്റെ പരിശോധനഫലം ലഭ്യമായിട്ടില്ല |
| (എഫ്) | 2019 ജനുവരി മുതൽ കുത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ ഇത്തരത്തിൽ അന്വേഷണം പൂർത്തീകരിക്കാത്ത എത്ര കേസുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത കേസുകളുടെ ക്രൈം നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എഫ്) | ഇത്തരത്തിൽ അന്വേഷണം പൂർത്തിയാകാത്ത മറ്റ് തീ വെയ്പ് കേസുകൾ ഒന്നും നിലവിലില്ല. |
| (ജി) | ഇത്തരത്തിൽ കാലതാമസം വരുത്തുന്ന കേസുകളിൽ അടിയന്തര നടപടികൾ സ്വീകരിക്കാൻ എന്തെല്ലാം നടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ജി) | ഉത്തരം (എഫ്) ൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ